പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1970

07.03.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി.അനിൽകുമാർ | | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | 936 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആക്രമിക്കപ്പെടുകയും എത്ര പേർ കൊല ചെയ്യപ്പെടുകയും ചെയ്തുവെന്നുള്ള വിവരം വ്യക്തമാക്കുമോ ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 553 പേരും, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 123 പേരും ആക്രമിക്കപ്പെടുകയും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 പേരും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളും കൊലചെയ്യപ്പെടുകയുണ്ടായി. |
| (സി) | പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആത്മഹത്യ ചെയ്യുകയുണ്ടായെന്നും ഇതിൽ സ്ത്രീകൾ എത്രയുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കുമോ ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 332 പേർ ആത്മഹത്യ ചെയ്തു. ഇതിൽ 79 സ്ത്രീകളുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 119 പേർ ആത്മഹത്യ ചെയ്തു. ഇതിൽ 21 സ്ത്രീകളുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ടി കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ? | (ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 299 സ്ത്രീകൾക്കെതിരെയും, 79 കുട്ടികൾക്കെതിരെയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 70 സ്ത്രീകൾക്കെതിരെയും, 29 കുട്ടികൾക്കെതിരെയും ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| District | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| TVM C | 35 |
| TVM R | 83 |
| KLM C | 28 |
| KLM R | 31 |
| PTA | 33 |
| ALP | 44 |
| KTM | 51 |
| IDK | 75 |
| EKM C | 26 |
| EKM R | 70 |
| TSR C | 12 |
| TSR R | 63 |
| [illegible] | 53 |
| MPM | 75 |
| KKD C | 17 |
| KKD R | 95 |
| WYD | 83 |
| KNR | 32 |
| KSD | 28 |
| RLYS | 2 |
| **Total** | **936** |

സെക്ഷൻ ഓഫീസർ.